(സി) പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ താലൂക്കാശുപത്രികളിൽ ഇപ്പോൾത്തന്നെ ലഭ്യമാണ്. കാർഡിയോളജിസ്റ്റിന്റെ അഭാവം ആരോഗ്യ വകുപ്പിൽ നിലനിൽക്കുന്നതിനാൽ ഇതു നടപ്പിലാക്കാൻ കഴിയുകയില്ല.

## വർദ്ധിച്ചുവരുന്ന താപനില

*6 [6] ശ്രീ. കളത്തിൽ അബ്ദുള്ള:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വേനൽക്കാലത്ത് താപനില ഓരോ വർഷവും കൂടി വരുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള ശാസ്ത്രീയ കാരണങ്ങൾ അറിവായിട്ടുണ്ടോ; താപനില നിയന്ത്രിക്കാനുള്ള വഴികൾ ആരായുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) 1980 മുതൽ 2004 വരെയുള്ള കാലയളവിലെ വേനൽക്കാലത്തെ താപനില അപഗ്രഥിച്ചതിൽ നിന്നും താപനില ഓരോ വർഷവും കൂടിവരുന്നതായി സൂചിപ്പിക്കപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## വൈദ്യുതി നിയമ ഭേദഗതി സംബന്ധിച്ച കേന്ദ്ര നിർദ്ദേശം

*7 [7] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
,, വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അംഗീകരിച്ച പൊതുമിനിമം പരിപാടിയിലെ വൈദ്യുതി നിയമ ഭേദഗതി സംബന്ധിച്ച കേന്ദ്ര നിർദ്ദേശം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വെളിച്ചത്തിൽ ഇലക്ട്രിസിറ്റി ബോർഡിനെ കമ്പനികളാക്കുന്നതിനും സ്വകാര്യ മേഖലയെ ഏൽപ്പിക്കുന്നതിനും ഇതിനകം സ്വീകരിച്ച നടപടികൾ നിർത്തിവയ്ക്കാൻ തയ്യാറാകുമോ;

(സി) 2003 ജൂൺ 10-ന് നിലവിൽ വന്ന കേന്ദ്ര വൈദ്യുതി നിയമ പ്രകാരം ബോർഡ് എന്തെല്ലാം നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട് എന്നറിയിക്കാമോ;



LIBRARY ARCHIVES Kerala Legislative Assembly